## കേരള സർക്കാർ

### ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 12 | 2019 |
|---|---|



### ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

*ww.prd.kerala.gov.in, prdsannidhanam2019@gmail.com*

---

### മകരവിളക്കിന് ഇനി മണിക്കൂറുകൾ മാത്രം;
### ശുദ്ധിക്രിയകൾ തുടങ്ങി

ജനുവരി 14ന് നടക്കുന്ന ഭക്തിനിർഭരമായ മകരവിളക്ക് ദർശനത്തിന് മണി
ക്കൂറുകൾ ശേഷിക്കേ ശബരിമല അയ്യപ്പസന്നിധിയിൽ ഒരുക്കങ്ങൾ തുടങ്ങി.
തന്ത്രി കണ്ഠരര് രാജീവരുടെ നേതൃത്വത്തിൽ  മകരവിളക്കിന് മുന്നോടിയാ
യുള്ള ശുദ്ധിക്രീയകൾ ഇന്നലെ (ജനുവരി 12) തുടങ്ങി.  വൈകിട്ട് പ്രസാദ
ശുദ്ധിക്രിയകളാണ്  നടന്നത്. ഇന്ന്  (ജനുവരി 13) ഉച്ചപൂജയോടനുബന്ധിച്ച്
ബിംബ ശുദ്ധിക്രിയകൾ നടക്കും. പന്തളം കൊട്ടാരത്തിൽ നിന്ന് കൊ  ുവരു
ന്ന തിരുവാഭരണം 14-ാം തിയ്യതി വൈകിട്ട് ആറരയോടുകൂടി അയ്യപ്പസന്നിധി
യിൽ എത്തും. തുടർന്ന് തിരുവാഭരണം ചാർത്തി ദീപാരാധന നടക്കും. മകര
ജ്യോതിദർശനം ദീപാരാധനയോട് അനുബന്ധിച്ചായിരിക്കും.   തിരുവാ
ഭരണം അയ്യപ്പന് ചാർത്തിയുള്ള ദീപാരാധന ശബരിമലയിലെ  വിശേഷപ്പെട്ട
ചടങ്ങാണ്.

(പി.ആർ. ശബരി-443)

## മകരസംക്രമപൂജ വൈകിട്ട് 7.52ന്

മകരവിളക്ക് ദിവസത്തെ(ജനുവരി 14) തിരുവാഭരണം ചാർത്തിയുള്ള ദീപാരാധനയ്ക്ക് ശേഷം ഏറ്റവും വിശേഷപ്പെട്ട മകരസംക്രമ പൂജ നടക്കും. ഈ പൂജ 7.52നാണ് നടക്കുക. രവി മകരത്തിലോട്ട് സംക്രമിക്കുന്ന സമയമാണ് മകരസംക്രമം. ഇതിന്റെ ഭാഗമായി പ്രത്യേകപൂജ ഉ ായിരിക്കും. പൂജയുടെ മധ്യത്തിൽ തിരുവിതാംകൂർ കൊട്ടാരത്തിൽ നിന്ന് കൊ ുവരുന്ന നെയ്ത്തേങ്ങ പൊട്ടിച്ച് അഭിഷേകം ചെയ്യും. ദീപാരാധന കഴിഞ്ഞുള്ള മകരസംക്രമ പൂജ ഇതിനുമുമ്പും ചിലവർഷങ്ങളിൽ വന്നിട്ടു ്. ഈ സമയത്ത് പ്രത്യേകപുജ നടത്തുന്നൂവെന്ന് മാത്രമേയുള്ളു. തുടർന്നുള്ള ദിവസങ്ങളിൽ പതിവ് പോലെ പൂജകൾ നടക്കും.

(പി.ആർ. ശബരി-444)

## പതിനെട്ടാം തിയതിക്ക് ശേഷം നെയ്യഭിഷേകം ഇല്ല

ജനുവരി 18-ാം തിയ്യതി കളഭപൂജയു ്. പതിനെട്ടാം തിയ്യതിക്കുശേഷം നെയ്യഭിഷേകം ഉ ായിരിക്കുന്നതല്ലെന്ന് തന്ത്രി കണ്ഠര് രാജീവര് പറഞ്ഞു. 19-ാം തിയ്യതിയും പൂജകളെല്ലാം നടക്കും. 19ന് രാത്രി തിരുനട അടച്ചശേഷം മാളികപ്പുറത്തമ്മയുടെ സന്നിധിയിൽ ഗുരിതി നടക്കും. 20ാം തിയതി രാവിലെ രാജപ്രതിനിധിയ്ക്ക് മാത്രമേ പ്രത്യേക ദർശനം ഉ ാവുകയുള്ളു. അഭിഷേകവും ഗണപതിഹോമവും ഉ ാകും. അതിനുശേഷം നട അടച്ചുകഴിയുന്നതോടെ മകരസംക്രമ ഉത്സവം പൂർത്തിയാകും.

(പി.ആർ. ശബരി-445)

## മകരവിളക്കിന് ഒരുങ്ങി ആരോഗ്യവകുപ്പ്

ശബരിമലയിൽ മകരവിളക്കിനോടനുബന്ധിച്ച് വിപുലമായ സജ്ജീകരണങ്ങളുമായി ആരോഗ്യവകുപ്പ്. പമ്പാ ജനറൽ ഡിസ്പെൻസറിയുടെ നേതൃത്വത്തിൽ എട്ട് കേന്ദ്രങ്ങളിൽ മകരവിളക്കിനോടനുബന്ധിച്ച് പ്രത്യേക സംവിധാനങ്ങൾ ആരോഗ്യ വകുപ്പ് ഒരുക്കിയിട്ടു ്. രാവിലെ എട്ട് മണി മുതൽ വൈകീട്ട് എട്ട് മണിവരെ ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കും. എട്ട് ആംബുലൻസുകളും അവയിൽ ജീവൻരക്ഷാ സംവിധാനങ്ങളും ഓരോ ഡോക്ടർമാർ വീതവും സേവനം അനുഷ്ഠിക്കും. നീലിമല, പമ്പ, അപ്പാച്ചിമേട്, ചരൽമേട്, കരിമല, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഒന്നുവീതവും സന്നിധാനത്ത് ര ് വീതവുമാണ് പ്രത്യേക കേന്ദ്രങ്ങൾ.

ശബരിമല കേന്ദ്രീകരിച്ച് ആരോഗ്യവകുപ്പിന്റെ നാല് ഹൃദയാരോഗ്യകേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്. പമ്പ, നീലിമല,

അപ്പാച്ചിമേട്, സന്നിധാനം എന്നിവിടങ്ങളിലാണിവ. മണ്ഡലകാലത്ത് ഇതു വരെ 1.58 ലക്ഷം പേരാണ് ആരോഗ്യവകുപ്പിന് കീഴിൽ ചികിത്സതേടി എത്തിയത്. വിദഗ്ദ്ധ ചികിത്സാർത്ഥം 566 പേരെ കോട്ടയം, പത്തനംതിട്ട ആശുപത്രികളിലേക്ക് മാറ്റി. ഇതിൽ ഹൃദയസംബന്ധമായ അസുഖങ്ങളെതുടർന്ന് 122 പേരെ വിദഗ്ദ്ധ ചകിത്സയ്ക്കായി മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്തു. ഹൃദയ പുനർജ്ജനി യന്ത്രം ഉൾപ്പെടെ പൂർണ്ണസജ്ജമായ 15 അത്യാഹിത കേന്ദ്രങ്ങളാണ് പമ്പമുതൽ സന്നിധാനം വരെയും കരിമലയിലും ആരോഗ്യവകുപ്പ് ഒരുക്കിയിരിക്കുന്നത്. ഈ കേന്ദ്രങ്ങളിലെല്ലാം കാർഡിയോളജിസ്റ്റും ഫിസിഷ്യനുമടങ്ങിയ സംഘം സേവന സജ്ജരായിരിക്കും. ഉന്നതനിലവാരത്തിലുള്ള ചികിത്സാ സംവിധാനങ്ങളാണ് ഈ കേന്ദ്രങ്ങളിൽ ഒരുക്കിയിരിക്കുന്നത്. പാമ്പ്കടിയേറ്റ അഞ്ച് പേർക്ക് വിവിധ കേന്ദ്രങ്ങളിൽ സുരക്ഷിത ചികിത്സ നൽകി.

(പി.ആർ. ശബരി-446)

## മലകയറുമ്പോൾ എടുക്കണം മുൻകരുതലുകൾ

ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ച് വരുന്ന കാലത്ത് ശബരിമല തീർത്ഥാടകർ എടുക്കേ ചില മുൻകരുതലുകൾ ഉ ്. 40 വയസ്സിന് മുകളിലുള്ള ഭക്തർ മലകയറുന്നതിന് മുൻപ് ഒരു ഡോക്ടറുടെ ഉപദേശം തേടണം. ആരോഗ്യസ്ഥിതി കണക്കാക്കി ഡോക്ടർമാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കണം. പൂർവ്വ രോഗാവസ്ഥയുള്ള ഭക്തന്മാർ ശബരിമല ദർശനത്തിനു മുമ്പായി മലകയറ്റം സംബന്ധിച്ച് ചികിത്സിക്കുന്ന ഡോക്ടറുടെ അഭിപ്രായം തേടണം. കഴിച്ചുകൊ ിരിക്കുന്ന മരുന്നുകളും ചികിത്സാരേഖകളും കൂടെ കരുതുകയും വേണം. രോഗാവസ്ഥയുള്ള ഭക്തന്മാർ മലകയറ്റം തുടങ്ങുന്നതിന് മുമ്പായി പമ്പ. സർക്കാർ ആശുപത്രിയിൽ വൈദ്യ പരിശോധന നടത്തണം. ശരീരത്തിന് പതിവില്ലാത്ത ആയാസം പെട്ടെന്നു ാകുമ്പോൾ അത് ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകാം. അതിനാൽ സാവധാനം വിശ്രമിച്ച് മലകയറുന്നതാണ് ഉചിതം. മലകയറുമ്പോൾ അമിത ഭാരം വഹിക്കരുത്. മലകയറ്റത്തിന് മുൻപ് അമിത ഭക്ഷണം ഒഴിവാക്കണം. അസ്വസ്ഥത ഉ ാകുന്ന രീതിയിൽ ഹൃദയമിടിപ്പ് അനുഭവപ്പെടുകയാണെങ്കിൽ വിശ്രമിച്ച് ഹൃദയമിടിപ്പ് കുറഞ്ഞതിന് ശേഷം മാത്രം മലകയറ്റം തുടരുക. മലകയറുന്നതിനിടയിൽ നെഞ്ചു വേദന, ശ്വാസ തടസ്സം, തലചുറ്റൽ മുതലായ ലക്ഷണങ്ങൾ ഉ ായാൽ അടിയന്തര ചികിത്സാ കേന്ദ്രത്തെ സമീപിക്കണം.

(പി.ആർ. ശബരി-447)

## പമ്പ ഹിൽടോപ്പ് വ്യൂ പോയിന്റിലേക്ക് കയറുന്നത് നിരോധിച്ചു

ശബരിമല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് സംയുക്ത പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപകടസാധ്യത മുൻനിർത്തി തീർഥാടകർ പമ്പാ ഹിൽടോപ്പ് വ്യൂ പോയിന്റിലേക്ക് കയറുന്നത് നിരോധിച്ച് പത്തനംതിട്ട ജില്ലാ കലക്ടർ ഉത്തരവായി. പോലീസ് പമ്പാ ഹിൽടോപ്പിൽ തീർഥാടകർ കയറാതിരിക്കുന്നതിന് ബാരിക്കേഡുകൾ സ്ഥാപിക്കണമെന്നും ഉത്തരവിൽ നിർദേശിച്ചിട്ടു ്.

ഹിൽടോപ്പ് മുതൽ ഹിൽടോപ്പ് വ്യൂ പോയിന്റ് വരെയുള്ള സ്ഥലങ്ങളിൽ 4 ഘട്ടങ്ങളായി തുറക്കാവുന്നതും അടയ്ക്കാവുന്നതുമായ ബാരിക്കേഡുകൾ സ്ഥാപിക്കണം. യൂടേൺ മുതൽ ഹിൽടോപ്പ് വരെയുള്ള സ്ഥലങ്ങളിലെ നദിയിലേക്ക് ഇറങ്ങാവുന്ന വശങ്ങളിൽ തീർഥാടകർ നദിയിലേക്ക് ഇറങ്ങാതിരിക്കുന്നതിനായി ശക്തിയുള്ള ബാരിക്കേഡുകൾ തിരുവിതാംകൂർ ദേവസ്വംബോർഡ് സ്ഥാപിക്കണമെന്നും നിർദേശിച്ചിട്ടു ്.

യൂടേൺ മുതൽ ഹിൽടോപ്പ് വരെയുള്ള സ്ഥലങ്ങളിൽ വൈദ്യുത വിളക്കജശറ്റ കെ.എസ്.ഇ.ബിയുടെ നേതൃത്വത്തിൽ സ്ഥാപിക്കണമെന്നും ത്രിവേണി മുതൽ ഹിൽടോപ്പ് വരെയുള്ള സ്ഥലങ്ങളിൽ ആംബുലൻസ് സൗകര്യത്തോടുകൂടിയ വൈദ്യുത സംഘത്തേയും ആവശ്യമായ ഉപകരണങ്ങളോട് കൂടിയ അഗ്നിശമനസേനാ വിഭാഗത്തേയും പോലീസ് സേനയേയും നിയോഗിക്കണമെന്ന് ഉത്തരവിൽ പറയുന്നു.

(പി.ആർ. ശബരി-448)

## തിരുവാഭരണ ഘോഷയാത്ര നാളെ സന്നിധിയിൽ

പന്തളം വലിയകോയിക്കൽ ധർമ്മശാസ്താക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ട തിരവാഭരണ ഘോഷയാത്ര മകരവിളക്ക് ദിവസമായ ജനുവരി 14ന് തിരുവാഭ രണപാത വഴി വലിയാനവട്ടവും ചെറിയാനവട്ടവും കടന്ന് വൈകുന്നേരം 5 മണിയോടെ ശരംകുത്തിയിലെത്തും. അവിടെനിന്ന് ദേവസ്വംബോർഡ് ആചാ രപൂർവ്വം തിരുവാഭരണം സ്വീകരിച്ച് സന്നിധാനത്തേക്ക് ആനയിക്കും. എക് സിക്യൂട്ടീവ് ഓഫീസർ ഡി. സുധീഷ്കുമാർ ഉൾപ്പടെയുള്ള ദേവസ്വംബോർ ഡ് നിയോഗിച്ചിട്ടുള്ള ജീവനക്കാരാണ് ശരംകുത്തിയിൽ തിരുവാഭരണ ഘോ ഷയാത്ര സ്വീകരിച്ച് ആനയിക്കുക.

തിരുവാഭരണപേടകം പതിനെട്ടാംപടിയ്ക്ക് മുകളിൽ കൊടിമരച്ചുവട്ടിൽ ദേവസ്വംമന്ത്രി കടകംപള്ളി സുരേന്ദ്രൻ, ദേവസ്വംബോർഡ് പ്രസിഡന്റ് എ. പ ത്മകുമാർ, ബോർഡ് അംഗങ്ങളായ കെ.പി. ശങ്കരദാസ്, എൻ. വിജയകുമാർ, ഹൈക്കോടതി നിരീക്ഷക സമിതിയംഗങ്ങളായ ജസ്റ്റിസ് പി.ആർ. രാമൻ,

എസ്. സിരിജഗൻ, ഡി.ജി.പി. എ. ഹേമചന്ദ്രൻ, ദേവസ്വംബോർഡ് ഉന്നത ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സ്വീകരക്കും. ശ്രീകോവിലേക്ക് ആചാരപൂർവ്വം ആനയിക്കുന്ന തിരുവാഭരണ പേടകം തന്ത്രി കണ്ഠരര് രാജീവരും മേൽശാന്തി വി.എൻ. വാസുദേവൻ നമ്പൂതിരിയും ഏറ്റുവാങ്ങി അയ്യപ്പസ്വാമിക്ക് ചാർത്തും.

(പി.ആർ. ശബരി-449)

## ജനുവരി 14ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി

മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് ജനുവരി 14ന് പത്തനംതിട്ട ജില്ലയിലെ പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. സർവകലാശാലാ പരീക്ഷകൾ മാറ്റമില്ലാതെ നടക്കും. തിരക്കുമൂലം അപകട ങ്ങളും ഗതാഗത കുരുക്കും ഉ ാകുന്നത് ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പു വരുത്തുന്നതിനുമാണ് അവധി പ്രഖ്യാപിച്ചത്.

(പി.ആർ. ശബരി-450)

## ഇന്ന് (ജനുവരി 13) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (13) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: സെന്റ് ജോർജ് മെഡിക്കൽസ് പത്തനംതിട്ട, അമൃത മെഡിക്കൽസ് കോന്നി, നന്മ മെഡിക്കൽസ് ആൻഡ് സർജിക്കൽസ് കോഴഞ്ചേരി, മരിയ ഹോസ്പിറ്റൽ അടൂർ, പൾസ് മെഡിക്കൽസ് പന്തളം, നീതി മെഡിക്കൽ സ്റ്റോർ തിരുവല്ല, കാരുണ്യ മെഡിക്കൽസ് പഴവങ്ങാടി റാന്നി, എംറ്റിഎംഎം ബഥനി ഹോസ്പിറ്റൽ റാന്നി.

(പി.ആർ. ശബരി-451)

## ശബരിമലയിൽ ഇന്ന് (13.01.19)

പുലർച്ചെ 3ന് നട തുറക്കൽ
3.05ന് നിർമാല്യം
3.15 മുതൽ ഉച്ചയ്ക്ക്  12 വരെ നെയ്യഭിഷേകം
7.30ന് ഉഷപൂജ
8.30ന് അഷ്ടാഭിഷേകം
12.30ന് കളഭാഭിഷേകം/ ഉച്ചപൂജ
1ന് നട അടയ്ക്കൽ
വൈകീട്ട് 3ന് നടതുറക്കൽ
6.30ന് ദീപാരാധന
രാത്രി 9.30ന് അത്താഴപൂജ
10.50ന് ഹരിവരാസനം
11ന് നട അടയ്ക്കൽ

ഇവ കൂടാതെ മകരവിളക്കിനോടിന് അനുബന്ധിച്ചുള്ള ചടങ്ങുകളും ഉ ാ കും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 12 | 2019 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

### വൃത്തിയുടെ പര്യായമായി സന്നിധാനത്തെ വിശുദ്ധി സേന

ഈ മകരവിളക്ക് മണ്ഡലകാലത്ത് സന്നിധാനത്തെ വലിയനടപ്പന്തൽ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ വൃത്തി ഏവരും അംഗീകരിക്കുന്നത് തന്നെ. ലക്ഷക്കണക്കിന് പേരെത്തുന്ന സന്നിധാനം വൃത്തിയോടെ പരിപാലിക്കുന്നതിൽ 24 മണിക്കൂറും കർമ്മനിരതരായി വിശുദ്ധിസേന രംഗത്തു ്. മൂന്നു ഡ്യൂട്ടി മജിസ്ട്രേറ്റുമാരുടെ കീഴിൽ പമ്പ, സന്നിധാനം, നിലയ്ക്കൽ എന്നിവിടങ്ങളിലാണ് വിശുദ്ധിസേനയുടെ വിന്യാസം. സന്നിധാനത്ത് മാത്രം ഒമ്പത് സൂപ്പർവൈസർമാരുടെ കീഴിലാണ് ഒമ്പത് സോണുകളിലായി ഇവർ പ്രവർത്തിക്കുന്നത്. 47 പേരുള്ള സോണിലാണ് ഏറ്റവും കൂടുതൽ പ്രവർത്തകർ. പ്ലാസ്റ്റിക്, ജൈവമാലിന്യങ്ങൾ എന്നിവ ഇവർ ശേഖരിച്ച് നീക്കം ചെയ്യുന്നു. പത്തനംതിട്ട ജില്ലാ ഭരണകൂടത്തിന്റെ കീഴിൽ ഡ്യൂട്ടി മജിസ്ട്രേറ്റ് വി. ജയമോഹന്റെ നേതൃത്വത്തിലാണ് വിശുദ്ധിസേനയുടെ സന്നിധാനത്തെ പ്രവർത്തനം. മലിനജലം കെട്ടിക്കിടക്കുന്നിടത്ത് കുമ്മായം വിതറി അണുവിമുക്തമാക്കുന്നതും ഇവർ തന്നെ. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് സുരേഷ്കുമാറിന്റെ നേതൃത്വത്തിലുള്ള സംഘം സന്നിധാനത്തെല്ലാം പരിശോധനയ്ക്കു ്. സന്നിധാനത്ത് മാത്രം 305 പേർ 24 മണിക്കൂറും പ്രവർത്തിക്കുന്നു. ശബരിമല സാനിറ്റേഷൻ പദ്ധതിയുടെ ഭാഗമായുള്ള വിശുദ്ധിസേനക്ക് യൂണിഫോം, ഐ.ഡി കാർഡ്, പാസ് എന്നിവയും നൽകിയിട്ടു ്.

(പി.ആർ. ശബരി-452)

## പർണശാലകൾ ഉണർന്നു ഭക്തിയിലമർന്ന് സന്നിധാനം

മകരവിളക്കിന് മണിക്കൂറുകൾ ശേഷിക്കേ ജ്യോതി ദർശിക്കുന്നതിനായി വിവിധ സംസ്ഥാനങ്ങളിൽ നിന്നും ശബരിമലയിലെത്തുന്ന ഭക്തൻമാർ പർണശാലകൾ കെട്ടിത്തുടങ്ങി. ജനുവരി 14ന് സന്ധ്യയോടെ പൊന്നമ്പലമേട്ടിൽ തെളിയുന്ന മകരജ്യോതി കാണാൻ നിരവധി ഭക്തരാണ് സന്നിധാനത്തും സൗകര്യമുള്ള പരിസരപ്രദേശങ്ങളിലും നിറയുന്നത്.

(പി.ആർ. ശബരി-453)

## പാ ിത്താവളത്തും സന്നിധാനത്തും പ്രത്യേക സൗകര്യങ്ങൾ

പാ ിത്താവളത്ത് മകരജ്യോതി കാണാവുന്ന സ്ഥലങ്ങളിലെല്ലാം ഭക്തർക്ക് വിരിവയ്ക്കാൻ ദേവസ്വം ബോർഡ് പ്രത്യേക സൗകര്യങ്ങൾ ഒരുക്കിയിട്ടു ്. നിലവിൽ സന്നിധാനത്ത് 36 കേന്ദ്രങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നത് കൂടാതെ ദേവസ്വം ബോർഡ് 48 സ്ഥലങ്ങളിൽ അധികമായി കുടിവെള്ള വിതരണം ഏർപ്പെടുത്തിയിട്ടു ്. നാല് സ്ഥലങ്ങളിൽ അധികമായി ചുക്കുവെള്ള വിതരണവും സൗജന്യ ബിസ്കറ്റ് വിതരണവും നടത്തും. പൊലീസ് നിർദ്ദേശിച്ച പ്രകാരമുള്ള ബാരിക്കേഡുകളും ദേവസ്വം മരാമത്ത് വിഭാഗം പൂർത്തിയാക്കിയിട്ടു ്. ജലവിതരണത്തിനുള്ള വാട്ടർ ടാങ്കുകളെല്ലാം നിറച്ചിട്ടു ്. ര ് കോടി ലിറ്റർ ജലം സംഭരിച്ചിട്ടു ്. പാ ിത്താവളത്ത് പാറപൊട്ടിച്ചിട്ട സ്ഥലത്ത് ഷീറ്റ് ഉപയോഗിച്ച് മറച്ച് അപകട രഹിതമാക്കാൻ നടപടിയെടുത്തു. പെരിയാർ ടൈഗർ റിസർച്ചിന്റെ കുറച്ച് സ്ഥലം ജ്യോതി ദർശനത്തിന് അനുവദിക്കാൻ വനംവകുപ്പ് തയ്യാറായിട്ടുെ ന്ന് ദേവസ്വം ബോർഡ് അധികൃതർ വ്യക്തമാക്കി.

(പി.ആർ. ശബരി-454)




കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 12 | 2019 |



# ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidhanam2019@gmail.com

---

## ഹരിവരാസന പുരസ്കാര വിതരണം ജനുവരി 14ന്

സംസ്ഥാന സർക്കാരിന്റെ 2018 ലെ ഹരിവരാസന പുരസ്കാരം പ്രശസ്ത ഗായിക പി സുശീലയ്ക്ക് സമ്മാനിക്കും. ജനുവരി 14 രാവിലെ ഒൻപതിന് ശബരിമല സന്നിധാനം ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ പുരസ്കാരം ഗായിക പി സുശീലയ്ക്ക് സമ്മാനിക്കും. രാജു എബ്രഹാം എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിക്കും. ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ, മെമ്പർമാരായ കെ.പി. ശങ്കരദാസ്, എൻ. വിജയകുമാർ തുടങ്ങിയവർ പങ്കെടുക്കും.

(പി.ആർ. ശബരി-455)

## മകരവിളക്ക് ഉത്സവം: ഡെപ്യൂട്ടി കളക്ടർമാരെ ചാർജ് ഓഫീസർമാരായി നിയോഗിച്ചു

ശബരിമല മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് ജനുവരി 13 മുതൽ 15 വരെ ജില്ലയിലെ താലൂക്ക് ഓഫീസുകളിൽ ചാർജ് ഓഫീസർമാരായി ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ച് ജില്ലാ കളക്ടർ പി.ബി. നൂഹ്

ഉത്തരവായി. താലൂക്ക്, ഡെപ്യൂട്ടി കളക്ടർ എന്ന ക്രമത്തിൽ: അടൂർ-വി.ബി. ഷീല, തിരുവല്ല, മല്ലപ്പള്ളി- അലക്സ് പി തോമസ്, റാന്നി- പി. അജന്തകുമാരി, കോഴഞ്ചേരി, കോന്നി- ആർ.ഐ. ജ്യോതി ലക്ഷ്മി.

മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് താലൂക്ക് തലത്തിലെ എല്ലാ ക്രമീകരണങ്ങളും ഡെപ്യൂട്ടി കളക്ടർമാർ ഏകോപിപ്പിക്കുകയും യഥാസമയം ഇവ വിലയിരുത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യും.

(പി.ആർ. ശബരി-456)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 12 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-4

ഫോൺ : 04735-202664
ww.prd.kerala.gov.in, prdsannidhanam2019@gmail.com

### തിരുവാഭരണ ഘോഷയാത്ര പന്തളത്തു നിന്നു പുറപ്പെട്ടു; ശരണം വിളികളോടെ നിറഞ്ഞ വരവേൽപ്പ്

മകരസംക്രമ സന്ധ്യയിൽ ശബരിമല അയ്യപ്പ സ്വാമിക്ക് ചാർത്തുന്നതിനുള്ള തിരുവാഭരണങ്ങൾ അടങ്ങിയ പേടകങ്ങളുമായുള്ള ചരിത്രപ്രസിദ്ധമായ ഘോഷയാത്ര പന്തളത്തു നിന്ന് പുറപ്പെട്ടു. പോലീസിന്റെ കനത്ത സുരക്ഷയിൽ നടക്കുന്ന തിരുവാഭരണഘോഷയാത്രയ്ക്ക് പരമ്പരാഗത യാത്രാപാതയുടെ ഇരുപുറങ്ങളിലുള്ള നാട്ടിൻപുറങ്ങളിലും ക്ഷേത്രങ്ങളിലും ശരണം വിളികളോടെ നിറഞ്ഞ വരവേൽപ്പ്. യാത്രാ ദിനത്തിൽ രാവിലെ മുതൽ തന്നെ കൊട്ടാരവീഥിയിൽ അഭൂത പൂർവമായ തീർഥാടക പ്രവാഹമു ായി. പന്തളം അടക്കം എവിടെയും യാത്ര ദർശിക്കാൻ വൻ തിരക്കാണ് അനുഭവപ്പെട്ടത്. പന്തളം രാജാവ് രേവതിനാൾ പി രാമവർമ്മരാജയും, ഭാര്യ രുഗ്മിണി തമ്പുരാട്ടിയും, രാജപ്രതിനിധി പി രാഘവവർമ്മയും തിരുവാഭരണങ്ങൾ ദേവസ്വം ബോർഡിന് ലിസ്റ്റ് പ്രകാരം കൈമാറിയതിന് ശേഷം വെളുപ്പിന് 4.30ന് തിരുവാഭരണങ്ങൾ വലിയകോയിക്കൽ ക്ഷേത്രത്തിൽ എത്തിച്ചു.

ഉച്ചയ്ക്ക് 12 വരെ തിരുവാഭരങ്ങൾ ക്ഷേത്രത്തിനുള്ളിൽ ദർശിക്കുന്നതിനുള്ള അവസരം നൽകി.12 മുതൽ പ്രത്യേക പൂജകൾ ആരംഭിച്ചു. പന്തളം രാജാവ് രേവതിനാൾ പി രാമവർമ്മരാജയിൽ നിന്ന് അനുവാദം വാങ്ങി ഗുരുസ്വാമി കുളത്തിനാൽ ഗംഗാധരൻപിള്ളയും

കിഴക്കേത്തോട്ടത്തിൽ പ്രതാപചന്ദ്രൻനായരും മരുതവന ശിവൻപിള്ളയും തിരുവാഭരണപ്പെട്ടിയും കൊടിപ്പെട്ടിയും കലശപ്പെട്ടിയും തലയിലേറ്റി ശരണം വിളികളുടെയും അകമ്പടിയോടെ ഉച്ചയ്ക്ക് ഒന്നിന് ഘോഷയാത്ര ആരംഭിച്ചു. ജനപ്രതിനിധികളും, ദേവസ്വം ഭാരവാഹികളും, വിവിധ മേഖലകളിൽ നിന്നുമുള്ള പ്രമുഖരും അടങ്ങുന്ന വൻജനാവലി യാത്രാസംഘത്തെ സ്വീകരിക്കാനെത്തിയിരുന്നു.

ചിറ്റയം ഗോപകുമാർ എംഎൽഎയും, ദേവസ്വംബോർഡ് പ്രസിഡന്റ് എ പത്മകുമാറും, മെമ്പർമാരായ കെ പി ശങ്കരദാസും, വിജയകുമാറും ക്ഷേത്രത്തിനുള്ളിലും സുരേഷ്ഗോപി എംപി ക്ഷേത്രത്തിന് മുന്നിലും പന്തളം നഗരസഭാ അധികൃതരും, ക്ഷേത്രോപദേശകസമിതിയും രാജവീഥിയിലും അയ്യപ്പസേവാസംഘം മണികണ്ഠൻ ആൽത്തറയിലും തിരുവാഭരണയാത്രയെ സ്വീകരിച്ചു. എംസി റോഡ് വഴി നൂറുകണക്കിന് തീർഥാടകരുടെ ഒപ്പം തിരുവാഭരണ പേടകങ്ങൾ ഒഴുകി നീങ്ങുന്ന കാഴ്ചയായിരുന്നു. മുന്നിൽ തിരുവാഭരണപ്പെട്ടിയും പിന്നാലെയായി കൊടിപ്പെട്ടിയും, കലശപ്പെട്ടിയും നീങ്ങി. പാതയോരങ്ങൾക്ക് ഇരുപുറവും ജനസഹസ്രങ്ങൾ തിരുവാഭരണ ഘോഷയാത്ര കാണാൻ കാത്തുനിന്നു.

എംസി റോഡ് നിറഞ്ഞ് ശരണം വിളികളുമായി നീങ്ങിയ സംഘത്തെ 1.25ന് കുളനട ദേവീക്ഷേത്രത്തിൽ സ്വീകരിച്ചു. ഇവിടെ പെട്ടി തുറന്ന് തിരുവാഭരണങ്ങൾ ദർശനത്തിന് വച്ചതിനാൽ ജനസഞ്ചയം തന്നെയായിരുന്നു. പരമ്പരാഗത പാതയിലൂടെ കൈപ്പുഴ ഗുരുമന്ദിരത്തിലെത്തിയ തിരുവാഭരണ യാത്രാസംഘം ര ിന് ഉള്ളന്നൂർ ഭദ്രാദേവീക്ഷേത്രത്തിലെത്തി അവിടെയും തിരുവാഭരണങ്ങൾ ദർശനത്തിന് വച്ചു. പിന്നീട് കുറിയാനിപ്പള്ളി, കിടങ്ങന്നൂർ, ആറൻമുള, പൊന്നാംതോട്ടം ക്ഷേത്രം വഴി സന്ധ്യയോടെ കോഴഞ്ചേരി പാമ്പാടി മണ്ണിലെത്തി. അവിടെ തിരുവാഭരണങ്ങൾക്ക് ദീപാരാധന നടത്തി. രാത്രി 9.30ന് അയിരൂർ പുതിയകാവ് ക്ഷേത്രത്തിലെത്തി ആദ്യദിവസത്തെ യാത്ര അവസാനിപ്പിച്ചു.

റോട്ടറി, ലയൺസ്, ജെസീസ് തുടങ്ങിയ ക്ലബ്ബുകളും ചാരിറ്റബിൾ സൊസൈറ്റികളും സന്നദ്ധ സംഘടകളും, വിവിധ യൂണിയനുകളും തീർഥാടകർക്ക് പാതയോരങ്ങളിൽ ദാഹജലവിതരണം നടത്തിയിരുന്നു. അസിസ്റ്റന്റ് കമാൻഡന്റ് കെ സുരേഷിന്റെ നേതൃത്വത്തിലുള്ള 53 അംഗ സായുധ പൊലീസ് സംഘം തിരുവാഭരണ സംഘത്തെ അനുഗമിക്കുന്നു . തിരുവാഭരണ ഘോഷയാത്രാ ചടങ്ങിൽ ചിറ്റയം ഗോപകുമാർ എംഎൽഎ, സുരേഷ്ഗോപി എംപി, ദേവസ്വംബോർഡ് പ്രസിഡന്റ് എ പത്മകുമാർ, അംഗങ്ങളായ കെ പി ശങ്കരദാസ്, എൻ. വിജയകുമാർ, ജില്ലാ കളക്ടർ പി ബി നൂഹ്, ജില്ലാ പൊലീസ് മേധാവി ടി നാരായണൻ, പന്തളം നഗരസഭാ ചെയർപേഴ്സൺ ടി കെ സതി, ദേവസ്വം സെക്രട്ടറി ജയശ്രീ, സ് പെഷ്യൽഓഫീസർ കൃഷ്ണകുമാർ വാര്യർ, മുൻ ദേവസ്വംബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, എൻഎസ്എസ് ഡയറക്ടർബോർഡ് അംഗം പന്തളം ശിവൻകുട്ടി കൊട്ടാരം നിർവഹകസംഘം പ്രസിഡന്റ് പി ജി ശശികുമാർ വർമ്മ, സെക്രട്ടറി പി നാരായണവർമ്മ, ട്രഷറർ ദീപാവർമ്മ എന്നിവർ സന്നിഹിതരായി.

(പി.ആർ. ശബരി-457)

മിനി മാസ്റ്റ് ഉദ്ഘാടനം ചെയ്തു

കോഴഞ്ചേരി ഗ്രാമപഞ്ചായത്തിൽ ശബരിമല തിരുവാഭരണം തുറന്ന് ദർശനത്തിന് വെക്കുന്ന പാമ്പാടി മണ്ണിൽ പുതിയതായി സ്ഥാപിച്ച മിനിമാസ്റ്റിന്റെ ഉദ്ഘാടനം ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ നിർവഹിച്ചു. ശബരിമല തീർഥാടന ക്രമീകരണങ്ങൾക്കായി സംസ്ഥാന സർക്കാർ പഞ്ചായത്തിന് അനുവദിച്ച അഞ്ച് ലക്ഷം രൂപയിൽ ര ര ലക്ഷം രൂപ മുടക്കിയാണ് മിനി മാസ്റ്റ് സ്ഥാപിച്ചത്.

ഇടത്താവളത്തിനും തിരുവാഭരണ പാതയിൽ ലൈറ്റ് സ്ഥാപിക്കുന്നതിനും പാത വൃത്തിയാക്കുന്നതിനും ശുചീകരിക്കുന്നതിനുമായാണ് ബാക്കി തുക ചെലവഴിച്ചത്. കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാം മോഹൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രസിഡന്റ് പ്രകാശ് കുമാർ, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ ജെറി മാത്യു സാം, ബിജിലി പി. ഈശോ, പഞ്ചായത്തംഗങ്ങളായ ക്രിസ്റ്റഫർ ദാസ്, ആനി ജോസഫ്, സുനിത ഫിലിപ്പ്, ഫിലിപ്പോസ് സ്കറിയ, എം.കെ വിജയൻ, ചന്ദ്രശേഖരക്കുറുപ്പ്, അമ്പോറ്റി പഴങ്ങടിയിൽ 825-ആം നമ്പർ എൻ എസ് എസ് കരയോഗ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ. ശബരി-458)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.